## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *63

01-03-2017 ൽ മറുപടിയ്ക്ക്

### പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.എം.കെ.മുനീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.ഉബൈദുള്ള<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കടിവെള്ള ക്ഷാമം രൂക്ഷമാകാനിടയുണ്ടെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ നീരുറവകളും ജലസംഭരണികളും സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | കടിവെള്ളക്ഷാമം രൂക്ഷമാകാനിടയുണ്ടെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 'ഹരിതകേരളം' പദ്ധതിയിലൂടെ പ്രാദേശികതലത്തിൽ ജലസേചനത്തിനും കടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരത്തിന് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചിലവിൽ ഏകദേശം 9453 കളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. കൂടാതെ കടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി നിരവധി തടയണകൾ, വി.സി.ബി/ആർ.സി.ബികൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. പൂർത്തീകരിച്ച തടയണകൾ/വി.സി.ബികൾ/ആർ.സി.ബി. എന്നിവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br>ജല അതോറിറ്റിയുടെ. നിലവിലുള്ള സ്രോതസ്സുകളിലെ ചെളിയും മാലിന്യവും നീക്കം ചെയ്തും ഇൻഫിൽട്രേഷൻ ഗാലറികൾ പുനരുദ്ധരിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പ് വരുത്തുവാൻ സാദ്ധ്യമായതെല്ലാം ചെയ്യുന്നുണ്ട്. അതേപോലെ തന്നെ ജലസേചന വകുപ്പിന്റെയും വൈദ്യുത വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള ജലസംഭരണികളിലെ ജലം കുടിവെള്ള ആവശ്യത്തിന് മുൻഗണന നൽകി സംഭരിച്ച് നിലനിർത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പീച്ചി ജലസംഭരണിയിൽ നിന്നുള്ള ജല വിതരണത്തിൽ കുടിവെള്ളത്തിന് പ്രാമുഖ്യം നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br>എല്ലാ ജലനിധി സ്രോതസ്സുകളിലും അനുയോജ്യമായ രീതിയിൽ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ചെക്ക് ഡാം, ഭൂമിയുടെ അടിയിലുള്ള തടയണകൾ, മണ്ണ് സംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നിവ ചെയ്തുവരുന്നു. |
| (ബി) | പരമ്പരാഗത ജലസ്രോതസ്സുകൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളുടെ കൈവശം വിവരം ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. MI സെൻസസ് പദ്ധതിപ്രകാരം ചെറുകിട ജലസേചനത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന പരമ്പരാഗത ജലസ്രോതസ്സുകൾ (കിണറുകൾ) സംബന്ധിച്ച വിവരശേഖരണം Irrigation Statistics നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത വിവരങ്ങൾ മൈനർ ഇറിഗേഷൻ വിഭാഗത്തിൽ ലഭ്യമാണ്. കുളങ്ങളുടെ വിവരങ്ങൾ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) ശേഖരിച്ചിട്ടുണ്ട്.<br>ആവശ്യത്തിന് ജലലഭ്യത ഉള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ജല അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ഇതു കൂടാതെ ചീഫ് എഞ്ചിനീയർ. ഐ.ഡി.ആർ.ബി.യുടെ ഓഫീസിലും പരമ്പരാഗത ജലസ്രോതസ്സുകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ട്. |
| (സി) | ഇവയുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഏതൊക്കെ വകുപ്പുകൾക്ക് ഇതിൽ പങ്കാളിത്തമുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് "ഹരിതകേരളം പദ്ധതി" നടപ്പിലാക്കുന്നു. കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബിനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗ പ്പെടുത്തുന്നതിനായി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക് ഡാമുകൾ, ഒരു റെഗുലേറ്റർ, ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ ഭവാനി സബ് ബേസിനിൽ അനുവദിച്ച ജലം ഉപയോഗപ്പെടുത്തുന്നതിനായി 3.12 കോടി രൂപ ചെലവിൽ 2 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉൾപ്പെടെ 3 പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2 തടയണകളുടെ പണി പുരോഗതിയിലാണ്. കാസർഗോഡ് പാക്കേജിൽ 2016-17 വർഷത്തിൽ 17 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള ജല അതോറിറ്റി അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു. കൂടാതെ ഉറവിട സംരക്ഷണവുമായി ബന്ധപ്പെട്ട് വെട്ടൂർ പഞ്ചായത്തിലെ കാക്കകുഴി പദ്ധതിയുടെ പുനരുദ്ധാരണവും നടന്നുവരുന്നു.<br>ജലനിധിയും ഇറിഗേഷൻ വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട ജലസ്രോതസ്സ് സംരക്ഷണ പദ്ധതികൾ താഴെപ്പറയുന്നു,<br>1. പുല്ലൂർപെരിയ (കാസർഗോഡ് ജില്ല) - ചെക്ക്ഡാം<br>2. ബെല്ലൂർ (കാസർഗോഡ് ജില്ല) - ചെക്ക്ഡാം<br>3. ആലക്കോട് (കണ്ണൂർ ജില്ല) - ചെക്ക്ഡാം<br>4. കരുവാരക്കുണ്ട് (മലപ്പുറം ജില്ല) - 2 ചെക്ക്ഡാം<br>5. പെരുമണ്ണക്ലാരി (മലപ്പുറം ജില്ല) - 1 റെഗുലേറ്റർ കം ബ്രിഡ്ജ് |

**സെക്ഷൻ ഓഫീസർ**